## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 390** **02-07-2024 - ൽ മറുപടിയ്ക്ക്**

## ജലസ്രോതസ്സുകളെ ബന്ധിപ്പിച്ച് ജലലഭ്യത ഉറപ്പാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ തമ്മിലും, കുളങ്ങളും ജലസേചന കനാലുകൾ തമ്മിലും ബന്ധിപ്പിച്ച് ജലലഭ്യത ഉറപ്പാക്കുന്നതിനും ജലവിനിയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ തമ്മിലും, കുളങ്ങളും ചാലുകൾ/ജലസേചന കനാലുകൾ തമ്മിലും ബന്ധിപ്പിക്കുന്നതിലൂടെ ജലലഭ്യത ഉറപ്പു വരുത്തുവാനും ജലവിനിയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. അത്തരത്തിലുള്ളൊരു പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പെരുമാട്ടി, പട്ടാഞ്ചേരി, പൊൽപ്പുള്ളി, പെരുവമ്പ എന്നീ പഞ്ചായത്തുകളിലായി 27 കുളങ്ങൾ തെരഞ്ഞെടുക്കുകയും അവയെ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ കനാലുകൾ, മറ്റ് ചാലുകൾ എന്നിവയുമായി ബന്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കനാലുകളിലൂടെയും മറ്റ് ചാലുകളിലൂടെയും ജലമൊഴുകുമ്പോൾ ബന്ധിതമായ കുളങ്ങൾ നിറയുകയും ഇതിലൂടെ ജലഉപയോഗ കാര്യക്ഷമത വർദ്ധിക്കുകയും അതോടൊപ്പം ഭൂഗർഭ ജലനിരപ്പ് മെച്ചപ്പെടുകയും ചെയ്യുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ കുളങ്ങളുടെ ശുചീകരണം, ജലആഗമന-നിർഗ്ഗമന സംവിധാനം മെച്ചപ്പെടുത്തൽ, അവയെ കനാലുകൾ, ചാലുകൾ എന്നിവയുമായി ബന്ധിപ്പിക്കൽ, കുളങ്ങളുടെ ബണ്ട് സംരക്ഷണം മുതലായ പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. മൊത്തം അടങ്കൽ തുക 4.50 കോടി രൂപയാണ്. പ്രസ്തുത പദ്ധതിയിൽ 2 കുളങ്ങളുടെ പ്രവൃത്തി ഇപ്പോൾ പുരോഗമിക്കുന്നുണ്ട്.<br><br>മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിൽ സി.എസ്.എസ് (കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭം) പദ്ധതിയായ കാഡയിൽ ഉൾപ്പെടുത്തി കുളങ്ങളും ജലസേചന കനാലുകളും തമ്മിൽ ബന്ധിപ്പിക്കുകയും ജല ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ജലസേചന പദ്ധതികളുടെ |

| | | | |
|---|---|---|---|
| | | | കനാലുകളിൽ നിന്ന് സ്ലൂയിസ് നിർമ്മിച്ച് കുളങ്ങൾ റീചാർജ്ജ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>മലമ്പുഴ പ്രൊജക്ടിൽ ഫീൽഡ് കനാലുകൾ വഴി കുളങ്ങളിലേയ്ക്ക് വെള്ളം തുറന്നുവിട്ട് ആയതുനിറഞ്ഞ ശേഷം വീണ്ടും ഫീൽഡ് ചാനലുകളിലേയ്ക്ക് പോകുന്ന സംവിധാനം നിലവിലുണ്ട്. ചിറ്റൂർപ്പുഴ പദ്ധതിയ്ക്ക് കീഴിലും കനാലുകളിലൂടെ ജലവിതരണം നടത്തുമ്പോൾ പ്രദേശത്തെ കുളങ്ങൾ നിറയ്ക്കുന്ന സംവിധാനം ഉണ്ട്. പ്രസ്തുത സംവിധാനം ജലവിനിയോഗകാര്യക്ഷമത വർദ്ധിപ്പിക്കാൻ സഹായകരമാകുന്നുണ്ട്. |
| (ബി) | ഭൂവിനിയോഗത്തിലെ മാറ്റവും കൃഷിയിടങ്ങളുടെ കുറവും കാരണം ജലസ്രോതസ്സുകളുടെ നഷ്ടപ്പെട്ട ശൃംഖല പുനഃസ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഭൂവിനിയോഗത്തിലെ മാറ്റവും കൃഷിയിടങ്ങളുടെ കുറവും കാരണം ജലസ്രോതസ്സുകളുടെ നഷ്ടപ്പെട്ട ശൃംഖല പുന:സ്ഥാപിക്കുന്നതിനുള്ള പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നിരുന്നാലും, ഇതേ സ്വഭാവമുള്ള പ്രവൃത്തികൾ പ്രാദേശിക അടിസ്ഥാനത്തിൽ ആവശ്യാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹകരണത്തോടെ നടപ്പിലാക്കാറുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ അടി സ്ഥാനത്തിൽ ജലസ്രോതസ്സുകളെയും ചാലുകളെയും ഉൾക്കൊള്ളിച്ച് 'സംയോജിത നീർത്തട പ്ലാനുകൾ' - 'റിഡ്ജ്-ടു-വാലി' തയ്യാറാക്കുകയും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ചാലുകൾ, തോടുകൾ തുടങ്ങിയവ ശുചീകരിച്ച് അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും എക്കലും നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ പ്ലാൻ വിഹിതത്തിൽ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ചും പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br><br>നഷ്ടപ്പെട്ട ശൃംഖലകൾ പുന:സ്ഥാപിച്ച് കൃഷിയിടങ്ങളിലേയ്ക്ക് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് വിവിധ CADWM (Command Area Development and Water Management) പദ്ധതികൾ നടപ്പിലാക്കി കൂടുതൽ പ്രദേശങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മഴക്കാലത്ത് തോടുകളിലൂടെ ഒഴുകി എത്തുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി നീരൊഴുക്ക് വേഗത നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ? | (സി) | മഴക്കാലത്ത് തോടുകളിലൂടെ ഒഴുകിയെത്തുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനും നീരൊഴുക്ക് വേഗത നിയന്ത്രിക്കുന്നതിനും ചെക്ക് ഡാമുകൾ, വി.സി.ബി.കൾ എന്നിവ നിർമ്മിച്ച് മഴയുടെ തോതും ജലനിരപ്പും അനുസരിച്ച് ഇവയുടെ ഷട്ടറുകൾ ക്രമീകരിച്ച് നീരൊഴുക്കിന്റെ വേഗത നിയന്ത്രി ക്കുന്നുണ്ട്. ചെറിയ തോടുകളിൽ പ്രാദേശികമായി ലഭ്യമായ |

| | | | |
|---|---|---|---|
| | | | വസ്തുക്കളായ തടി, മുള, ഈറ്റ എന്നിവ ഉപയോഗിച്ചുള്ള ബ്രഷ് വുഡ് (Brush Wood) തടയണകൾ, പ്രാദേശികമായി ലഭ്യമായ കല്ലുകൾ കൊണ്ടുള്ള ലൂസ്സ് ബോൾഡർ (Loose Boulder) തടയണകൾ എന്നിവ നടപ്പിലാക്കുന്നുണ്ട്. ഇത് കൂടാതെ ജലസഞ്ചാരത്തിലൂടെ രൂപപ്പെട്ടിട്ടുള്ള ചെറിയ കൈത്തോട്ടുകൾക്ക് കുറുകെ ഗള്ളി പ്ലഗ്ഗിംഗ് (Gully Plugging) ചെയ്യുന്നതോടെ ജല പ്രവാഹത്തിന്റെ വേഗത കുറയ്ക്കാനും അതുവഴി ജലസംരക്ഷണവും സാദ്ധ്യമാകുന്നു. ജല സംഭരണികളായ കുളങ്ങളിൽ അടിഞ്ഞു കൂടിയ മാലിന്യങ്ങൾ നീക്കി സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ